ശ്രീ. എ. എ. റഹിം : ഇപ്പോൾ അതിനുതക്കവണ്ണമുള്ള കഴപ്പം ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ടു് അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : സക്കാർ സർവീസിലിരിക്കുന്ന ആളുകളെ അവിടെനിന്നും ഡിസ്ചാർജ്ജു ചെയ്യുന്ന അവസരത്തിൽ മെഡിക്കലിഫിറ്റാണെന്നുള്ള ഒരു സർട്ടിഫിക്കറ്റു് അവിടെനിന്നും കൊടുക്കുന്നില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. എ. റഹിം : T. B. Bacilli ഇല്ലാ എന്നുള്ള ഒരു സർട്ടിഫിക്കറ്റു് കൊടുക്കുന്ന പതിവുണ്ടു്. മറ്റു രോഗങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു സർട്ടിഫിക്കറ്റു് കൊടുക്കുവാൻ ആ ഡാക്ടർ തയ്യാറല്ലായിരിക്കും.

ശ്രീ. എ. താണുപിള്ള : ഈ സർജറി നടത്തിയ രോഗികൾക്കു പഴക്കുകയും മറ്റും ചെയ്യുന്നതു് നാഗർകോവിൽ ആശുപത്രിയിൽ മാത്രമേയുള്ളോ ?

ശ്രീ. എ. എ. റഹിം : അല്ലാ. മറ്റു ആശുപത്രികളിലും ഉണ്ടു്.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 685. [21] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ടോ; ഈ പദ്ധതിയിൽ തിരുവിതാംകൂർ-കൊച്ചിക്കു ആകെ എത്ര രൂപയുടെ പ്ലാനാണു് അനുവദിച്ചിട്ടുള്ളതു്;

(ബി) പദ്ധതിക്കാലത്തു് കേന്ദ്രത്തിൽനിന്നു് തിരുവിതാംകൂർ-കൊച്ചിയിൽ എതെല്ലാം പുതിയ വ്യവസായങ്ങൾ ആരംഭിക്കും; ആ വഴിക്കു് നമുക്കു് എന്തു തുക ലാഭമാകും;

(സി) നമ്മുടെ സ്റ്റേറ്റു് പ്ലാനിൽ എത്ര വ്യവസായങ്ങളാരംഭിക്കപ്പെടാൻ പോകുന്നുണ്ടു്; ഏതെല്ലാം; അവയ്ക്കാകെ നീക്കിവച്ചിട്ടുള്ള തുക എത്ര; മൊത്തം പ്ലാനിന്റെ എത്ര ശതമാനം വരും;

(ഡി) പബ്ലിക്കു് സെക്ടറിൽ ആരംഭിക്കപ്പെടുന്ന പുതിയ വ്യവസായങ്ങൾ ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) : (എ, ബി, സി, ഡി) ഈ ചോദ്യത്തിന്റെ വിവരങ്ങളെല്ലാം ഇവിടെ പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണു്. കൂടാതെ ഇനിയും ഇതിനെപ്പറ്റി ഇവിടെ ഒരു ഡിസ്കഷൻ വരുമ്പോഴും ചെയ്യും.

കുരുമുളകു് ഉൽപാദനം.

* 686. [22] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: താഴെ കാണുന്നചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ-കൊച്ചിയിലാകെ ഉൽപ്പാദിപ്പിച്ച കുരുമുളകിന്റെ അളവെത്ര; വിദേശങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ നീലകണ്ഠരു പണ്ടാരത്തിൽ]

ളിലേയ്ക്കു് ഇവയിൽനിന്നു് എന്തുമാത്രം കയറ്റുമതി ചെയ്യപ്പെട്ടിട്ടുണ്ടു്; എത്ര രൂപക്കു്; കേന്ദ്രഗവണ്മെൻറിനു Export duty ഇനത്തിൽ ഇതിൽ നിന്നു് ലഭിച്ച തുക ഉദ്ദേശം എന്തുവരും;

(ബി) നമ്മുടെ സ്റ്റേറ്റിൽ വിൽപ്പനനികുതിയിനത്തിൽ കരമുളകിൽനിന്നു മാത്രം എന്തു തുക ലഭിച്ചു;

(സി) എ. ആൻറു് ബി. 1953–54 സാമ്പത്തിക വർഷത്തിൽ എത്ര;

(ഡി) തിരുവിതാംകൂർ–കൊച്ചിയിൽ ഏറ്റവുമധികം കരമുളകു് ഉൽപ്പാദിപ്പിക്കുന്ന താലൂക്കു് ഏതാണു്;

(ഇ) കേന്ദ്രഗവണ്മെൻറിൽനിന്നു് കൊച്ചി കേന്ദ്രമാക്കി കരമുളക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനു ഒരു ബോർഡു രൂപീകരിച്ചിട്ടുണ്ടോ; അതിൽ നമ്മുടെ സ്റ്റേറ്റിലെ പ്രതിനിധികളും ആരെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) 1954–55 സാമ്പത്തിക വർഷത്തിൽ തിരുവിതാംകൂർ–കൊച്ചിയിൽ ഉദ്ദേശം 16700 ടൺ കരമുളകു് ഉൽപ്പാദിപ്പിച്ചിട്ടുണ്ടു്. വിദേശങ്ങളിലേയ്ക്കു 1954–55 സാമ്പത്തിക വർഷത്തിൽ 17632 ടണ്ണു കരമുളകു് കയറ്റി അയച്ചിട്ടുണ്ടു്. മുൻ വർഷങ്ങളിൽ കെട്ടിയിരുപ്പുണ്ടായിരുന്ന കരമുളകു് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കയറ്റുമതി ചെയ്തതുകൊണ്ടായിരിക്കണം കയറ്റുമതി ചെയ്ത കരമുളകിൻറെ അളവു് കൂടുതലായി കാണുവാനുണ്ടായ കാരണം. കേന്ദ്രഗവണ്മെൻറിനു കയറ്റുമതി ചുങ്കം ഇനത്തിൽ ഇതിൽനിന്നും ലഭിച്ച തുക എത്രയെന്നുള്ള വിവരം അറിവില്ല.

(ബി) 1954–55–ൽ കരമുളകിൽനിന്നു 101130 രൂപ വിൽപ്പന നികുതി ഇനത്തിൽ കിട്ടിയിട്ടുണ്ടു്.

(സി) 1953–54–ൽ ആകെ ഈ സംസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച കരമുളകിൻറെ അളവു് 14500 ടൺ ആകുന്നു.

1953–54–ൽ കരമുളകിൽനിന്നു 99347 രൂപാ വിൽപ്പനനികുതി ഇനത്തിൽ കിട്ടിയിട്ടുണ്ടു്.

(ഡി) ചങ്ങനാശ്ശേരി, മീനച്ചൽ എന്നീ താലൂക്കുകളാകുന്നു.

(ഇ) ഉണ്ടു്. എക്സ്പോർട്ടു് പ്രൊമോഷൻ കൗൺസിൽ കൊച്ചി കേന്ദ്രമായി കേന്ദ്രഗവണ്മെൻറു് ആരംഭിച്ചിട്ടുണ്ടു്. അതിൽ നമ്മുടെ ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്നതു് വാണിജ്യവ്യവസായ ഡയറക്ടർ ആണു്. ഈ സ്റ്റേറ്റിൽനിന്നും കരമുളകു് ഉൽപ്പാദകരെ പ്രതിനിധീകരിക്കുന്നതു് ശ്രീ. കെ. വി. തോമസ്, സിവു എസ്റ്റേറ്റ്, മണ്ണക്കയം ആണു്. നമ്മുടെ സ്റ്റേറ്റിൽനിന്നു കരമുളകു് വ്യാപാരികളെ പ്രതിനിധീകരിക്കുന്നതു താഴെ പറയുന്നവരാണു്.

M/s Volkart Brothers, Cochin.
Pothen Joseph and Sons, Alleppey.
Gujerat Travancore Agency, Cochin.
Jagadish Prasad Pannalal and Co., Ltd., Alleppey

LIBRARY ARCHIVES Kerala Legislative Assembly